# സംസ്ഥാന വിവരാവകാശ കമ്മിഷൻ, കേരളം

**പുന്നൻ റോഡ്, തിരുവനന്തപുരം 695 039.**
**Tel: 0471 2335199, Fax: 0471 2330920**
**Email: sic@infokerala.org.in**

ഹർജി നമ്പർ CP.70/2007/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം.
File No.70/SIC-Gen 1/2007

സി. ഉസ്മാൻ,
ചക്കര വീട്, പിചങ്കോട്,
തരുവണ പി.ഒ. മാനന്തവാടി. } പരാതിക്കാരൻ

1. ഇ. പ്രദീപ് കുമാർ
ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ, (i/c)
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്,
നോർത്ത് വയനാട് ഡിവിഷൻ, മാനന്തവാടി.

2. കെ.വി. സുബ്രഹ്മണ്യം,
ഡെപ്യൂട്ടി ഫോറസ്റ്റ് കൺസർവേറ്റർ,
കോഴിക്കോട്.

3. സി. ശശികുമാർ, ഫോറസ്റ്റ് റെയിഞ്ച് ഓഫീസർ,
ഫ്ളയിംഗ് സ്ക്വാർഡ് റെയിഞ്ച്, കൽപ്പറ്റ,
വയനാട്. } എതൃകക്ഷികൾ

**<u>ഉത്തരവ്</u>**

1. പരാതിക്കാരനായ സി. ഉസ്മാൻ 28.12.2006 തീയതി വച്ച് വിവരാവകാശ കമ്മിഷൻ മൂമ്പാകെ സമർപ്പിച്ച പരാതി 05.01.2007 ന് കമ്മിഷന് ലഭിച്ചിട്ടുള്ളതും, ഹർജി CP.No.70/2007/SIC ആയി ഫയലിൽ സ്വീകരിച്ച് തുടർ നടപടികൾ ഇ:നണകചഉഛരണടനവശിവലാ.ര്യൈക്കൊണ്ടിട്ടുള്ളതുമാണ്.

2. ഹർജിക്ക് ആസ്പദമായ സംഗതികൾ സംക്ഷിപ്തമായി ചുവടെ ചേർക്കുന്നു.
പരാതിക്കാരൻ 30.10.2006 തീയതി വച്ച് ഒന്നാം എതൃകക്ഷി മുമ്പാകെ വിവരാവകാശ നിയമപ്രകാരം ചില വിവരങ്ങൾ തേടി കൊണ്ട് ഒരു അപേക്ഷ സമർപ്പിച്ചിരുന്നു. അപേക്ഷ സമർപ്പിച്ചിട്ട് 60 ദിവസത്തോളമായിട്ടും ആവശ്യപ്പെട്ട വിവരങ്ങൾ ലഭിച്ചില്ലായെന്ന് പരാതിപ്പെട്ടുകൊണ്ടാണ് വിവരാവകാശ കമ്മിഷൻ മുമ്പാകെ ഈ പരാതി സമർപ്പിച്ചിരിക്കുന്നത്.

3. പരാതിയുടെ ഒരു പകർപ്പ് നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിലെ പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്ക് അയച്ചുകൊടുത്തുകൊണ്ട്, ഹർജിയിന്മേൽ വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കമ്മിഷൻ നോട്ടീസ്

നൽകി. ഇതനുസരിച്ച് നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ 12.02.2007 തീയതി വച്ച് കമ്മിഷൻ മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരാതിക്കാരന്റെ അപേക്ഷ 13.11.2006 ന് തന്റെ ഓഫീസിൽ ലഭിക്കുകയുണ്ടായി എന്നും ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് 16.12.2006 ന് നൽകിയിട്ടുണ്ടെന്നും റിപ്പോർട്ടിൽ പറയുന്നു. ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായി നൽകുന്നതിന്, ഫോറസ്റ്റ് ഫ്ളയിംഗ് സ്ക്വാർഡിൽ നിന്നും ചില രേഖകൾ മടക്കി ആവശ്യപ്പെട്ടിട്ടുണ്ടെന്നും അത് കിട്ടുന്ന മുറക്ക് മറ്റു വിവരങ്ങൾ നൽകുന്നതാണെന്നും റിപ്പോർട്ടിൽ ബോധിപ്പിച്ചിരിക്കുന്നു.

4. ഹർജിക്കാരന്റെ അപേക്ഷ വിവരാവകാശ നിയമം 7(1) വകുപ്പിൽ നിഷ്ക്കർഷിക്കുന്ന സമയ പരിധിക്കുള്ളിൽ തീർപ്പാക്കാത്തതിനാൽ, വിവരാവകാശ നിയമം 20-ാം വകുപ്പ് പ്രകാരം നടപടി എടുക്കാതിരിക്കാൻ കാരണം ബോധിപ്പിക്കുന്നതിന് നോർത്ത് വയനാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിൽ ഇപ്പോൾ പബ്ളിക് ഇൻഫർമേഷൻ ഓഫീസർ ആയിരിക്കുന്ന ഒന്നാം എതൃകക്ഷിക്കും, ടി ഓഫീസിൽ 18.11.2006 മുതൽ 23.03.2007 വരെ പബ്ളിക് ഇൻഫർമേഷൻ ഓഫീസർ ആയിരുന്ന രണ്ടാം എതൃകക്ഷിക്കും കമ്മിഷൻ നോട്ടീസ് നൽകി. ഈ നോട്ടീസ് പ്രകാരം ഒന്നും രണ്ടും എതൃകക്ഷികൾ 02.05.2007 ന് കമ്മിഷൻ മുമ്പാകെ ഹാജരാകുകയും വാക്കാലും രേഖാമൂലവുമുള്ള വിശദീകരണം നൽകുകയും ചെയ്തു. പരാതിക്ക് ആസ്പദമായ അപേക്ഷ തീർപ്പാക്കിയ ശേഷമാണ് താൻ പബ്ളിക് ഇൻഫർമേഷൻ ഓഫീസറുടെ ചുമതലയേറ്റതെന്ന് ഒന്നാം എതൃകക്ഷി ബോധിപ്പിക്കുന്നു. രണ്ടാം എതൃകക്ഷിയായ കെ.വി. സുബ്രഹ്മണ്യം, താൻ 18.11.2006 ന് ആണ് പബ്ളിക് ഇൻഫർമേഷൻ ഓഫീസറായി ചാർജ്ജ് എടുത്തതെന്നും അന്ന് തന്നെ ഫോറസ്റ്റ് റെയ്ഞ്ച് മാനന്തവാടി ഓഫീസിൽ നിന്നും വിവരങ്ങൾ ആവശ്യപ്പെടുകയുണ്ടായി എന്നും ബോധിപ്പിച്ചിരിക്കുന്നു. ചില രേഖകൾ ഫ്ളയിംഗ് സ്ക്വാർഡിന്റെ കൈവശമായതിനാൽ, 24.11.2006 ന് ഈ രേഖകൾ മടക്കിതരാൻ ആവശ്യപ്പെട്ടുകൊണ്ട് കത്തെഴുതുകയുണ്ടായി. വീണ്ടും 12.02.2007 ന് ഓർമ്മ കുറിപ്പ് നൽകിയശേഷം, 19.02.2007 ന് മാത്രമാണ് മറുപടി ലഭിച്ചതെന്നും ഈ മറുപടിയുടെ അടിസ്ഥാനത്തിൽ 28.02.2007 ന് ഹർജിക്കാരൻ ആവശ്യപ്പെട്ട എല്ലാ വിവരങ്ങളും നൽകിയിട്ടുണ്ട് എന്നും രണ്ടാം എതൃകക്ഷി കമ്മിഷൻ മുമ്പാകെ ബോധിപ്പിച്ചിരിക്കുന്നു.

5. പരാതിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച രേഖകൾ പബ്ളിക് ഇൻഫർമേഷൻ ഓഫീസർ ആവശ്യപ്പെട്ട പ്രകാരം നൽകുന്നതിന് കാലതാമസം വരുത്തിയതിന് മൂന്നാം എതൃകക്ഷിക്കെതിരെ വിവരാവകാശ നിയമം 20, 5(5) വകുപ്പുകൾ പ്രകാരം ശിക്ഷാ നടപടികൾ സ്വീകരിക്കാതിരിക്കുന്നതിന് കാരണം ബോധിപ്പിക്കുവാൻ മൂന്നാം എതൃകക്ഷിക്ക് കമ്മിഷൻ നോട്ടീസ് നൽകി. ഇതനുസരിച്ച് മൂന്നാം എതൃകക്ഷി 24.05.2007 ന് കമ്മിഷൻ മുമ്പാകെ ഹാജരാകുകയും വാക്കാലും രേഖാമൂലവുമുള്ള വിശദീകരണം നൽകുകയും ചെയ്തു. രണ്ടാം എതൃകക്ഷി 24.11.2006 ന് തനിക്ക് അയച്ചതായി പറയുന്ന കത്ത് തനിക്ക് ലഭിച്ചിട്ടില്ലായെന്നും 12.02.2007 തീയതിയിലെ കത്ത് ലഭിച്ച ഉടൻ തന്നെ മറുപടി നൽകിയിട്ടുള്ളതാണെന്നും മൂന്നാം എതൃകക്ഷി ബോധിപ്പിച്ചിരിക്കുന്നു. രണ്ടാം എതൃകക്ഷിയുടെ 24.11.2006 ലെ കത്ത് തനിക്ക് ലഭിച്ചിട്ടില്ലായെന്നതിന് തെളിവായി തന്റെ ഓഫീസിലെ ഡിസ്ട്രിബ്യൂഷൻ രജിസ്റ്ററിന്റെ 16.11.2006 മുതൽ 30.12.2007 വരെയുള്ള പേജുകളുടെ പകർപ്പ് മൂന്നാം എതൃകക്ഷി കമ്മിഷൻ മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്.

6. കമ്മിഷൻ ആവശ്യപ്പെട്ട പ്രകാരം, രണ്ടാം എതൃകക്ഷി 24.11.2006 ന് മൂന്നാം എതൃകക്ഷിയോട് രേഖകൾ ആവശ്യപ്പെട്ടതിന്റെ തെളിവിലേക്കായി ബന്ധപ്പെട്ട കാലത്തെ ഡെസ്പാച്ച് രജിസ്റ്ററിന്റെ പകർപ്പ് കമ്മിഷൻ മുമ്പാകെ ഹാജരാക്കിയിട്ടുണ്ട്.

7. ഹർജിയും എതൃകക്ഷികൾ കമ്മിഷൻ മുമ്പാകെ വാക്കാലും രേഖാ മൂലവും നൽകിയ വിശദീകരണങ്ങളും വിശദമായി പരിശോധിച്ച കമ്മിഷൻ താഴെ പറയുന്ന നിഗമനങ്ങളിൽ എത്തി.

പരാതിക്കാരൻ 28.12.2006 തീയതി വച്ച് വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായി നൽകുന്നത് 28.02.2007 ന് മാത്രമാണ്. രണ്ടാം എതൃകക്ഷി ഒന്നാം എതൃക്ഷിയോട് ആവശ്യപ്പെട്ട രേഖകൾ ലഭിക്കുന്നതിലുണ്ടായ കാലതാമസമാണ് പരാതിക്കാരന്റെ അപേക്ഷ സമയബന്ധിതമായി തീർപ്പാക്കാതിരുന്നതിന് കാരണമായതെന്ന് കമ്മിഷൻ കണ്ടെത്തി. രണ്ടാം എതൃകക്ഷി മൂന്നാം എതൃകക്ഷിക്ക് 24.11.2006 ന് രേഖകൾ ആവശ്യപ്പെട്ടുകൊണ്ട് കത്തെഴുതിയിട്ടുണ്ടെന്ന് കമ്മിഷന് ബോധ്യമായിരിക്കുന്നു. അതേ സമയം, ആ കത്ത് മൂന്നാം എതൃകക്ഷിക്ക് ലഭിച്ചിട്ടില്ലാ എന്നതും കമ്മിഷൻ അംഗീകരിക്കുന്നു. ആയതിനാൽ, ഹർജിക്കാരന്റെ അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായതിൽ രണ്ടും മൂന്നും എതൃകക്ഷികളെ കുറ്റപ്പെടുത്താൻ സാധിക്കുകയില്ല എന്ന് കമ്മിഷൻ തീരുമാനിക്കുന്നു.

8. മേൽ പറഞ്ഞ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ കമ്മിഷൻ ഇനി പറയും പ്രകാരം ഉത്തരവാകുന്നു.

i. പരാതിക്കാരൻ ആവശ്യപ്പെട്ട രേഖകൾ രണ്ടാം എതൃകക്ഷി പരാതിക്കാരന് 16.12.2006 നും 28.02.2007 നും ആയി നൽകിയിട്ടുള്ളതിനാൽ ആവശ്യപ്പെട്ട രേഖകൾ ലഭിച്ചില്ലാ എന്ന പരാതിയിൽ നടപടി അവസാനിപ്പിക്കുന്നു.

ii. ഹർജിക്കാരന്റെ അപേക്ഷ തീർപ്പാക്കുന്നതിൽ കാലതാമസം ഉണ്ടായത് എതൃകക്ഷികളുടെ ഭാഗത്തു നിന്നുമുള്ള വീഴ്ചമൂലമല്ലാ എന്ന് കാണുന്നതിനാൽ എതൃകക്ഷികൾക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം ആരംഭിച്ച ശിക്ഷാ നടപടികൾ കമ്മിഷൻ അവസാനിപ്പിക്കുന്നു.

iii. ലഭിച്ച വിവരങ്ങളിൽ അതൃപ്തി ഉണ്ടെങ്കിൽ, പരാതിക്കാരന് കണ്ണൂർ ഫോറസ്റ്റ് കൺസർവേറ്റർ മുമ്പാകെ വിവരാവകാശ നിയമം 19(1) വകുപ്പ് പ്രകാരം ഒന്നാം അപ്പീൽ സമർപ്പിക്കാവുന്നതാണ്. ഇങ്ങനെ അപ്പീൽ സമർപ്പിക്കുന്നതിന് ഈ ഉത്തരവിന്റെ പകർപ്പ് കിട്ടി 30 ദിവസം വരെ സമയം അനുവദിച്ചിരിക്കുന്നു.

ഹർജി ഇപ്രകാരം തീർപ്പാക്കി, കമ്മിഷൻ ഇന്നേ ദിവസം 2007 ജൂലൈ മാസം 2-ാം തീയതി ഉത്തരവാകുന്നു.